KERALA STATE ELECTRICITY BOARD Ltd
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: +91 471 2514685, 2514331
Email: ddkseb@kseb.in

## ABSTRACT

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം – പരാതിയുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനും പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുന്നതിനും – സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറുടെ നിയമനം - സംബന്ധിച്ച്.

**കോർപ്പറേറ്റ് ഓഫീസ് (SBU-D)**

Office Order (CMD)No.586/2022(DIRDIT-AE1/2022/CMO Portal/001) Thiruvananthapuram,Dated: 30.04.2022

Read: (1) സ.ഉ (സാധാ) നമ്പർ.111/2022/ഉഭപവ തീയതി 28.03.2022.
(2) 31.03.2022 തീയതിയിലെ സി.എം.സി.സി 04.10.2022/സി.എം.സി.സി നമ്പർ സർക്കാർ കത്ത്.
(3) 31.03.2022 തീയതിയിലെ സർക്കാർ പരിപത്രം നമ്പർ.സി.എ.സി.സി, 04.10.2022/സി.എം.സി.സി.
(4) 20.04.2022 തീയതിയിലെ ഓഫീസ് ഓർഡർ (സി.എം.ഡി) നമ്പർ. 520/2022 (എസ്റ്റാ.V/സി.എം.ഒ പോർട്ടൽ/2015/2022)
(5) 26.04.2022 തീയതിയിലെ സി.എം.ഡി. യ്ക്ക് സമർപ്പിച്ച കുറിപ്പ് നമ്പർ. DIRDIT-AE1/2022/CMO Portal/001

## ORDER

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും, പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനും, പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ-ൽ, സി.എം.ഒ. പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിക്കണമെന്നും വിശദാംശങ്ങൾ ഓഫീസിൽ പ്രദർശിപ്പിക്കണമെന്നുമുള്ള നിർദ്ദേശം മേൽ സൂചന (1 മുതൽ 3 വരെ) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിനാൽ, സൂചന (4) പ്രകാരം ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.ടി) യെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചാർജ്ജ് ഓഫീസറായി നിയമിച്ചിരുന്നു. സൂചന (1, 3) പ്രകാരം ചാർജ്ജ് ഓഫിസർ സി.എം.ഒ. പോർട്ടലിൽ നൽകിയിട്ടുള്ള പരാതി/ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച നേരിട്ടും ഫോൺ മുഖേനയും ലഭിക്കുന്ന അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടിയും മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതാണ്. കൂടാതെ, അന്വേഷണങ്ങൾക്ക് നേരിട്ട് എത്തുന്നവർക്കായി എല്ലാ പ്രവൃത്തിദിവസവും ഉച്ചതിരിഞ്ഞു മൂന്നു മണി മുതൽ നാല് മണി വരെയുള്ള സമയം വിനിയോഗിക്കേണ്ടതാണ്. സാധാരണയായി ഒരു വർഷത്തിൽ CMO Portal മുഖേന ധാരാളം പരാതികൾ വരുന്നതിനാൽ KSEBL – ന ആകമാനം ഒരു ചാർജ്ജ് ഓഫീസറെ നിയമിക്കുന്നത് പ്രായോഗികമല്ല. സൂചന (5) പ്രകാരം ഈ വിഷയം ബഹു. സിഎംഡി യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

വസ്തുതകളുടെ വിശദമായ പരിശോധനകൾക്കു ശേഷം സൂചന (3) സർക്കാർ പരിപത്രം സംഖ്യ (3) ൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ നിലവിൽ സി.എം.ഒ. പോർട്ടൽ ലോഗിൻ ലഭ്യമായിട്ടുള്ള എല്ലാ കാര്യാലയങ്ങളിലും ഓഫീസ് മേധാവിയ്ക്ക് തൊട്ടു താഴെയുള്ള ഓഫീസറെ ചാർജ്ജ് ഓഫീസറായി നിയമിക്കുന്നതിനും സൂചന (4) പ്രകാരമുള്ള ഓഫീസ് ഓർഡർ, അപ്രകാരം പരിഷ്കരിക്കുന്നതിനും, KSEBL - ന്റെ കീഴിലുള്ള കാര്യാലയങ്ങളിൽ സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറുടെ നിയമനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളിൽ വ്യക്തത വരുത്തുന്നതിനായി ഒരു പരിപത്രം പുറപ്പെടുവിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്.

അതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(Sd/-)
**By Order of the**
**Chairman & Managing Director**
**JAYASHREE T K**
**Secretary**

To:

1. വിതരണവും വിവരസാങ്കേതികവിദ്യയും വിഭാഗം ഡയറക്ടർ
2. സി.എം.ഒ പോർട്ടൽ - ൽ ലോഗിൻ ലഭ്യമായിട്ടുള്ള എല്ലാ ഓഫീസ് മേധാവികൾക്കും.
3. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
4. മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
5. സിഎംഡി യുടെ ടി.എ.
6. സെക്രട്ടറിയുടെ പി.എ.
7. സ്റ്റോക്ക് ഫയൽ.

Forwarded / By Order

30.04.2022
Assistant Engineer